**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5967** **25-03-2025 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖല ശക്തിപ്പെടുത്താൻ വിദ്യാഭ്യാസ പരിശീലന പരിപാടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. കെ. പ്രേംകുമാർ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | വിദ്യാഭ്യാസ പരിശീലന പരിപാടികളിൽ സഹകരണമേഖല നൽകിയിട്ടുള്ള സംഭാവനകൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | സംസ്ഥാന സഹകരണ യൂണിയന്റെ നിയന്ത്രണത്തിൽ നെയ്യാർഡാമിൽ സ്ഥിതി ചെയ്യുന്ന കിക്മയിൽ എം.ബി.എ.കോഴ്സും, ആർ.പി.എം. ആർട്സ് & സയൻസ് കോളേജിലൂടെ ബിരുദ കോഴ്സുകളും, കിക്മ സി.ഇ.റ്റി. യിലൂടെ പരിശീലന പരിപാടികളും നടത്തി വരുന്നു. ഇതിലൂടെ വിദ്യാഭ്യാസ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിൽ പൊതുവായി സംസ്ഥാന സഹകരണ യൂണിയൻ സംഭാവന നൽകുന്നു.<br><br>കേപ്പിനു കീഴിലുള്ള പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ മുഖേന ബി.ടെക്/ എം.ബി.എ/ എം.സി.എ/ ഡിപ്ലോമ ഇൻ എഞ്ചിനീയറിംഗ്/ ബി.എസ്.സി നഴ്സിംഗ് തുടങ്ങിയ തൊഴിലധിഷ്ഠിത കോഴ്സുകൾ നടത്തി വരുന്നു.<br><br>കേപ്പിനു കീഴിലുള്ള Skill and knowledge Development Center (SKDC) മുഖാന്തിരം General Duty Assistant അടക്കം വിവിധ ഹ്രസ്വകാല തൊഴിലധിഷ്ഠിത കോഴ്സുകളും സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് വിവിധ മേഖലയിലുള്ള പരിശീലനവും നൽകിവരുന്നു.<br><br>കൂടാതെ തൊഴിൽ ലഭ്യത ഉറപ്പ് വരുത്തുന്നതിനായി ബി.ടെക്/ എം.ബി.എ/ എം.സി.എ വിദ്യാർത്ഥികൾക്ക് നൈപുണ്യ വികസന പരിശീലന പരിപാടികൾ (കോഴ്സുകൾ) SKDC യുടെ ആഭിമുഖ്യത്തിൽ അതാത് കോളേജുകളിൽ തന്നെ നൽകി വരുന്നുണ്ട്. |
| (ബി) | സഹകരണ മേഖലയുടെ അടിത്തറ ശക്തിപ്പെടുത്തുന്നതിന് ഈ മേഖലയുമായി ബന്ധപ്പെട്ട വിദ്യാഭ്യാസ പരിശീലന പരിപാടികൾ | (ബി) | സഹകരണ മേഖലയുടെ അടിത്തറ ശക്തിപ്പെടുത്തുന്നതിന് സംസ്ഥാന സഹകരണ യൂണിയൻ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നു. |

| | | | |
|---|---|---|---|
| | സംഘടിപ്പിക്കാൻ സഹകരണ യൂണിയന് കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ; | | **<u>സഹകരണ പരിശീലനം</u>**<br><br>നിലവിൽ സംസ്ഥാന സഹകരണ യൂണിയന്റെ നിയന്ത്രണത്തിൽ 18 ജെ.ഡി.സി. സെന്ററുകളിലൂടെയും, 13 എച്ച്.ഡി.സി. കോളേജുകളിലൂടെയും സഹകരണ പരിശീലനം നടത്തി വരുന്നു. സഹകരണ പ്രസ്ഥാനത്തിന്റെ മാറ്റങ്ങൾക്ക് വിധേയമായി പാഠ്യപദ്ധതിയിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തി സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർ, വകുപ്പ് ജീവനക്കാർ, പൊതു വിഭാഗം വിദ്യാർത്ഥികൾ എന്നിവരെ സമകാലീന വെല്ലുവിളികൾ നേരിട്ട് സഹകരണ പ്രസ്ഥാനത്തെ മുന്നോട്ട് നയിക്കുന്നതിന് പ്രാപ്തരാക്കുന്ന തരത്തിലുള്ള പരിശീലന പരിപാടികളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി പോരുന്നത്. ഇതിനു പുറമേ സഹകരണ നിയമഭേദഗതികൾ, മാനേജ്മെന്റ്, ബാങ്കിംഗ്, വിവരസാങ്കേതിക വിദ്യ എന്നീ വിഷയങ്ങൾ കേന്ദ്രീകരിച്ചാണ് പ്രസ്തുത പരിശീലന പരിപാടികൾ സംഘടിപ്പിച്ചു പോരുന്നത്.<br><br>**<u>സഹകരണ വിദ്യാഭ്യാസം</u>**<br><br>സംസ്ഥാന സഹകരണ യൂണിയന്റെ നിയന്ത്രണത്തിൽ 14 ജില്ലകളിലായി സഹകരണ വിദ്യാഭ്യാസ ഇൻസ്ട്രക്ടർമാർ കോർഡിനേറ്റർമാരായി 14 അംഗവിദ്യാഭ്യാസ യൂണിറ്റുകളും (ജനറൽ വിഭാഗം) 7 അംഗവിദ്യാഭ്യാസ യൂണിറ്റ് (വനിതാ വിഭാഗം) എന്നിവയിലൂടെ സഹകരണ സ്ഥാപനങ്ങളിലെ സാധാരണ അംഗങ്ങൾ, ജീവനക്കാർ, ഭരണസമിതി അംഗങ്ങൾ എന്നിവർക്കായി തുടർച്ചയായ സഹകരണ വിദ്യാഭ്യാസ പരിപാടികൾ ഫലപ്രദമായി ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. സഹകരണ മാനേജ്മെന്റ്, സഹകരണ നിയമ ഭേദഗതികൾ, നൈപുണ്യ വികസന പരിപാടികൾ, നേതൃത്വ വികസന പരിപാടികൾ എന്നീ വിഷയങ്ങൾ കേന്ദ്രീകരിച്ച് വിദ്യാഭ്യാസ പരിപാടികൾ നടപ്പിലാക്കി വരുന്നു. |
| (സി) | മറ്റെല്ലാ മേഖലകളിലുമുള്ള തൊഴിൽസാധ്യതകൾ വളർത്തുന്നതിനും വൈവിധ്യമാർന്ന നൈപുണികളുള്ള തൊഴിൽശക്തിയെ വിവിധ തലങ്ങളിൽ രൂപപ്പെടുത്തിയെടുക്കുന്നതിനും സഹകരണ മേഖലയിൽ സർവ്വകലാശാല എന്ന ആശയത്തിനുള്ള പ്രസക്തി പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ? | (സി) | സഹകരണ മേഖലയിലെ വൈവിധ്യമാർന്ന പ്രവർത്തനങ്ങളും അവ പൊതുജനങ്ങൾക്കും സമൂഹത്തിനുമുണ്ടാക്കുന്ന മാറ്റങ്ങളും പഠന ഗവേഷണത്തിന് വിധേയമാക്കേണ്ടത് അനിവാര്യമായതിനാൽ സഹകരണ മേഖലയിൽ ഒരു സഹകരണ സർവകലാശാല സ്ഥാപിക്കുന്ന വിഷയത്തിൽ വിശദമായ ചർച്ച ആരംഭിക്കുന്നതിന് |

| | | | |
|---|---|---|---|
| | | | സഹകരണ സംഘം രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ